# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2293
# 07.02.2019 ലെ മറുപടിക്ക്

**ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ എം.എൽ.എ. പ്രാദേശിക വികസന ഫണ്ട് ഉപയോഗിക്കാൻ അനുമതി**

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ</th><th>ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാനത്ത് എം.എൽ.എ.എസ്.ഡി.എഫ്.-ൽ ഉൾപ്പെടുത്തി സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും റീഡിങ്ങ് റൂം നിർമ്മിക്കുന്നതിനും മുൻകാലങ്ങളിൽ അനുമതി നൽകിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;</td><td rowspan="4">എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ 29/12/2017 ലെ സ.ഉ(അ)നം. 161/2017/ധന ഉത്തരവിലെ അനുബന്ധം 1 ഇനം 12 പ്രകാരം'പൊതുവായനശാലകളുടേയും ഗ്രന്ഥശാലകളുടേയും നിർമ്മാണം' എന്ന പ്രവർത്തിയാണ് അനുവദനീയമായിട്ടുള്ളത്. പൊതുവായനശാല/ഗ്രന്ഥശാല എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത് സർക്കാർ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുടെ കീഴിലുള്ള ലൈബ്രറികൾ മാത്രമാണ് എന്ന വ്യാഖ്യാനം ചില തടസ്സങ്ങൾ സൃഷ്ടിക്കുന്നു എന്നത് ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗീകാരമുള്ള വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുവാൻ നിലവിലെ മാർഗ്ഗരേഖ പരിഷ്കരിച്ച് 27/05/2019 ലെ സ.ഉ(അ) നം.60/2019/ധന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ധനകാര്യ വകുപ്പിന്റെ എൻ.സി.ബി.1/2018/ധന (926055) നമ്പർ കത്ത് പ്രകാരം സർക്കാർ/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലല്ലാത്ത ലൈബ്രറികൾക്ക് എം.എൽ.എ. പ്രാദേശിക വികസന ഫണ്ട് നല്കാൻ പാടില്ല എന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ;</td></tr>
<tr><td>(സി)</td><td>ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള നാട്ടിൻപുറങ്ങളിലെ ലൈബ്രറികൾക്ക് കെട്ടിടം നിർമ്മിക്കാൻ എസ്.ഡി.എഫ്-ൽ നിന്ന് തുക അനുവദിക്കുന്നതിന് ഈ നിർദ്ദേശം തടസ്സമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td></tr>
<tr><td>(ഡി)</td><td>എങ്കിൽ ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷനുള്ള ലൈബ്രറികൾക്കും എസ്.ഡി.എഫ്-ൽ നിന്ന് കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ